**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 915** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>നെല്ലിയാമ്പതി റോഡ് വികസന പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. പ്രേമൻ

ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന നെല്ലിയാമ്പതി റോഡ് വികസന പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (റീബിൽഡ് കേരള പദ്ധതി - പാക്കേജ് 3, റോഡ് നം. 6) വഴി നടപ്പിലാക്കുന്ന നെല്ലിയാമ്പതി റോഡ് പുനരുദ്ധാരണ പ്രവൃത്തിയുടെ ആകെ നീളം 18.10 കി.മീ. ആണ്. പാലക്കാട് ജില്ലയിലെ നെന്മാറ നിയോജക മണ്ഡലത്തിലൂടെയാണ് പ്രസ്തുത റോഡ് കടന്നു പോകുന്നത്. ഈ പ്രവൃത്തിക്ക് 05.01.2026-ൽ 114.13 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതിയും 27-01-2026-ൽ 111.55 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് 06.03.2025-ൽ വനം വകുപ്പിൽ നിന്നുള്ള NOC യും 23.07.2025-ൽ ജർമ്മൻ ബാങ്കിന്റെ NOC യും ലഭ്യമായിട്ടുണ്ട്. നിലവിൽ വൈൽഡ് ലൈഫ് സ്റ്റഡിക്കായുള്ള പ്രൊപ്പോസൽ SALIM ALI CENTRE FOR ORNITHOLOGY AND NATURAL HISTORY (SACON) എന്ന കമ്പനിയിൽ നിന്നും ലഭ്യമായിട്ടുണ്ട്. തുടർന്ന് RKI അംഗീകാരത്തോട് കൂടി വൈൽഡ് ലൈഫ് സ്റ്റഡി നടത്തുന്നതിന് കരാർ വച്ചതിനുശേഷം, ടെണ്ടർ നടപടികളിലേയ്ക്ക് കടക്കുന്നതാണ്. വൈൽഡ് ലൈഫ് സ്റ്റഡി പൂർത്തിയാകുന്ന മുറയ്ക്ക് പ്രവൃത്തി റീ-ടെൻഡർ ചെയ്ത് എത്രയും വേഗം ആരംഭിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

**(ബി)** പ്രസ്തുത പ്രവൃത്തി എത്രയും വേഗം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**